**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 254** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ നിയോജക മണ്ഡലത്തിലെ നിറ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിൽ നെൽകൃഷിയുടെയും കർഷകരുടെയും അഭിവൃദ്ധി ലക്ഷ്യം വെച്ച് നടപ്പിലാക്കിയ നിറ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യപൊതുവിതരണ വകുപ്പ് സപ്ലൈകോ മുഖേന നടത്തിയ ഇടപാടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> 'നിറ'പദ്ധതിക്ക് സംസ്ഥാന ഭക്ഷ്യപൊതു വിതരണ വകുപ്പുമായി ബന്ധമില്ല. ആലത്തൂർ നിയോജക മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന സപ്ലൈകോ നെല്ല് സം ഭരണം തുടർന്നു വരുന്നു.**

**(ബി)** നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രതിസന്ധികളാണ് വകുപ്പ് അഭിമുഖീകരിക്കുന്നത്; അത് ഏത് തരത്തിൽ മറികടക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ ചില പ്രായോഗികവും സാഹചര്യജന്യവുമായ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ PACS മുഖേന നെല്ല് സംഭരണത്തിൽ ഉണ്ടായിരുന്ന പ്രതിസന്ധി ബാങ്ക് കൺസോഷ്യവുമായുള്ള ധാരണാപത്രം പുതുക്കിയും PRS വായ്പ പരിധി 1100 കോടി രൂപയിൽ നിന്നും 1600 കോടി രൂപയായി വർദ്ധിപ്പിച്ചും പരിഹരിച്ചിട്ടുണ്ട്.

**(സി)** നെൽകർഷകരുടെ ഉത്പന്നങ്ങൾ കർഷകർക്ക് ലാഭകരമായ രീതിയിൽ സംഭരിക്കുന്നതിനുള്ള നയം തന്നെയാണോ ഈ സർക്കാർ സ്വീകരിക്കുക എന്നറിയിക്കാമോ;

**<u>മറുപടി:</u>** അതെ.

പുതിയ പദ്ധതികളുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

**(ഡി)** അതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അതെ.

പുതിയ പദ്ധതികളുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**